കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധപ്പെടുത്തുന്ന റാങ്ക് പട്ടികകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം പരിത്യാഗം ചെയ്ത് അറിയിച്ച് സമർപ്പിക്കുന്ന അപേക്ഷയിലെ നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലിൽ **ഉദ്യോഗാർത്ഥി തന്റെ മുമ്പാകെ ഹാജരായാണ് ഒപ്പ് രേഖപ്പെടുത്തിയതെന്ന പ്രസ്താവന ഉണ്ടെങ്കിൽ മാത്രം ആ അപേക്ഷ സ്വീകരിച്ചാൽ മതിയെന്ന് കമ്മീഷൻ ഉത്തരവായിട്ടുണ്ട്.** എന്നാൽ, വിവിധ റാങ്ക് പട്ടികകളിൽ നിന്നു നിയമന ശിപാർശ നൽകി വരുന്നതിന് മദ്ധ്യേ പുറപ്പെടുവിച്ച ഈ ഉത്തരവ് മേൽ വിവരിച്ച സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കൂടി ന്യൂനത രഹിതമാക്കി സ്വീകാര്യമാക്കുന്നതിന് ഒരു അവസരം നൽകുന്നതിന് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. അതിനായി സത്യവാങ്മൂലം പുതിയതായി സമർപ്പിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് പത്തു ദിവസത്തെ സമയം അനുവദിക്കുകയും അങ്ങനെ ലഭിക്കുന്ന ന്യൂനത രഹിത അപേക്ഷ ആദ്യം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ തന്നെ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ന്യൂനത പരിഹരിക്കുന്നതിന് വീണ്ടും അവസരം നൽകുന്നതല്ല. 2022 ഡിസംബർ 31 വരെ ലഭിക്കുന്ന നിയമന പരിത്യഗ അപേക്ഷകൾക്ക് ഇത് ബാധകമാണ്. **01.01.2023 മുതൽ ലഭിക്കുന്ന അപേക്ഷകൾ മേൽ പരാമർശിച്ചിരിക്കുന്ന സത്യവാങ്മൂലം ഉണ്ടെങ്കിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ.** പുതുക്കിയ നിയമന പരിത്യാഗ അപേക്ഷ ഫോം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിൽ (www.keralapsc.gov.in) ലഭ്യമാണ്.